# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1951 — 11/02/2020-ൽ മറുപടിക്ക്

## ഡിജിറ്റൽ സർവ്വകലാശാല

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള
,, പി.കെ.അബ്ദു റബ്ബ്
,, കെ.എം.ഷാജി
,, ടി.എ.അഹമ്മദ് കബീർ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വകലാശാല സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഘടന, പഠനാവസരങ്ങൾ, ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്നിവ വിശദീകരിക്കാമോ; | എ) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള (IIITM-K)-യെ ഡിജിറ്റൽ സർവ്വകലാശാലയാക്കി കൊണ്ട് 18/01/2020 അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. "ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നോവേഷൻ ആന്റ് ടെക്നോളജി" എന്നാണ് പുതിയ യൂണിവേഴ്സിറ്റിക്ക് നാമകരണം ചെയ്തിരിക്കുന്നത്. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ മേഖലയിൽ ഉയർന്ന നിലവാരമുള്ള മാനവശക്തിയുടെ ആവശ്യകത പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ഓഫ് കമ്പ്യൂട്ടിംങ്, സ്കൂൾ ഓഫ് ഇലക്ട്രോണിക്സ് ഡിസൈൻ ആന്റ് ആട്ടോമേഷൻ, സ്കൂൾ ഓഫ് ഇൻഫോർമാറ്റിക്സ്, സ്കൂൾ ഓഫ് ഡിജിറ്റൽ ബയോ സയൻസ്, സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റിസ് എന്നിങ്ങനെ 5 സ്കൂളുകൾ നിയുക്ത സർവ്വകലാശാലയിൽ ഉണ്ടായിരിക്കും.<br>ഡിജിറ്റൽ രംഗത്തെ സാങ്കേതികവും (ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംങ്സ്, ഇ-മൊബിലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, ഫിൻടെക്, കോഗ്നിറ്റീവ് സയൻസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, റോബോട്ടിക്സ്) സാമൂഹികവുമായ മേഖലകളിലെ കോഴ്സുകളും, പുതിയ ഗവേഷണ ഫലങ്ങൾ അടിസ്ഥാനമാക്കിയുള്ള പഠന ശിഖരങ്ങളും |

| | | | |
|---|---|---|---|
| . | | | പരിശീലന പദ്ധതികളുമാണ് ഈ സർവകലാശാലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>വിദ്യാഭ്യാസം ഗവേഷണം എന്നിവയിൽ മികവ് പുലർത്തുക, ആഗോള തലത്തിലുള്ള വ്യവസായങ്ങളുമായുള്ള ബന്ധവും സഹകരണവും ശക്തമാക്കുക, അക്കാദമിക് രംഗത്ത് അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക, വിദേശ വിദ്യാർത്ഥികളെയും സംരംഭകരെയും, കമ്പനികളെയും ആകർഷിക്കാൻ വേണ്ട പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക എന്നതാണ് ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രധാന ലക്ഷ്യം. |
| ബി) | ഡിജിറ്റൽ മേഖലയിൽ ഗുണനിലവാരമുള്ള മാനവ വിഭവശേഷി വികസിപ്പിക്കുവാനും ഐ.ടി.വ്യവസായ വികസനത്തിനും പ്രസ്തുത സർവ്വകലാശാല എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്ന് വിശദീകരിക്കാമോ; | ബി) | ഇൻഫർമേഷൻ ടെക്നോളജിയിൽ വ്യവസായവും ഡിജിറ്റൽ സാങ്കേതികവിദ്യയും വികസിപ്പിക്കാൻ സ്വീകരിച്ചു പോരുന്ന നടപടികളുടെ തുടർച്ചയാണ് ഡിജിറ്റൽ സർവകലാശാല. ഇതിലൂടെ കേരളത്തിലെ വ്യവസായ തൊഴിൽ മേഖലകളിലെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന സാങ്കേതിക വിദ്യയിൽ ഗുണ നിലവാരമുള്ള മാനവശക്തി സൃഷ്ടിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവ് വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്. ഡിജിറ്റൽ സർവ്വകലാ-ശാലയുടെ അതിനൂതന വിവരസാങ്കേതിക വിദ്യാഭ്യാസത്തിലൂടെയും ഗവേഷണം വഴിയും രാജ്യത്ത് വിവരസാങ്കേതിക രംഗത്ത് അതിവിദഗ്ധരെ സൃഷ്ടിക്കാനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വഴിയൊരുക്കും. |
| സി) | ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | സി) | ഇതിലേയ്ക്കായി തിരുവനന്തപുരം ടെക്നോസിറ്റിയിൽ 10.33 ഏക്കറിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ക്യാമ്പസിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**